# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5316 — 25.10.2011 - ൽ മറുപടിക്ക്

## മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. എം.എ.വാഹീദ്<br>ശ്രീ. പി.സി.വിഷ്ണുനാഥ്<br>ശ്രീ. അൻവർ സാദത്ത് | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | മാനസികമായി വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ വിദ്യാഭ്യാസത്തിനായി ഏതെല്ലാം സ്ഥാപനങ്ങളാണ് പ്രവർത്തിച്ചു വരുന്നത്; | (എ) | സംസ്ഥാനത്തെ മാനസികമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ വിദ്യാഭ്യാസത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ ബഡ്സ് സ്കൂളുകളും സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ തിരുവനന്തപുരം പാങ്ങപ്പാറയിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡ് എന്ന സ്ഥാപനവും സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുമാണ് നിലവിലുള്ളത്. |
| (ബി) | ഇതിനായി എത്ര രജിസ്റ്റേർഡ് സ്ഥാപനങ്ങൾ നിലവിലുണ്ട്; | (ബി) | 1995-ലെ പി.ഡബ്ല്യു.ഡി. ആക്ട് അനുസരിച്ച് സംസ്ഥാനത്തൊട്ടാകെ 264 സ്ഥാപനങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പിന്റെ രജിസ്ട്രേഷൻ അനുവദിച്ചു നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത മേഖലയിൽ പരിശീലനം ലഭിച്ച അദ്ധ്യാപകരുടെ എണ്ണം വളരെ കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട്. |

| | | | |
|---|---|---|---|
| (ഡി) | എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്? | (ഡി) | ഈ രംഗത്ത് പ്രവർത്തിക്കുന്ന അദ്ധ്യാപകർക്ക് പ്രത്യേകം പരിശീലനം നൽകുന്നതിനായി സർക്കാർ മേഖലയിൽ സ്പെഷ്യൽ ടീച്ചേഴ്സ് (എം.ആർ)ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ ആരംഭിക്കുവാൻ സർക്കാർ ഉത്തരവ് (സാധാ)നം.3881/11/പൊ.വി. തീയതി:12.9.2011 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. 2202-02-105-96 (പ്ലാൻ) എന്ന ശീർഷകത്തിൽ 116ലക്ഷം രൂപാ വകയിരുത്തിയിട്ടുമുണ്ട്. നിലവിലുള്ള സർക്കാർ സ്പെഷ്യൽ സ്കൂളുകളിലെ സ്ഥല സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി നടപ്പു സാമ്പത്തിക വർഷം തന്നെ പ്രസ്തുത ട്രെയിനിംഗ് സെന്ററുകൾ ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ